**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2883** **12-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പഞ്ചായത്ത് തലത്തിൽ ലക്ഷ്യമിട്ടതും അനുവദിച്ചതുമായ കണക്ഷനുകളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും 100% ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് ജലജീവൻ മിഷനിൽ ഭരണാനുമതി നല്കിയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. **പദ്ധതികളുടെ നിലവിലെ സ്ഥിതി** അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച് കോട്ടയം കളക്ടേറ്റിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഏതെല്ലാം നടപ്പാക്കിയെന്ന് അറിയിക്കാമോ; | (ബി) | നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകൾക്കായി ജലജീവൻ പദ്ധതിയിൽ ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് 100 സെൻറ് സ്ഥലവും, ജലസംഭരണികൾ നിർമ്മിക്കുന്നതിനായി നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ എന്നി പഞ്ചായത്തുകളിൾ യഥാക്രമം 10,8,15 സെന്റ് വീതം സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്ന് കളക്ടറുടെ യോഗതീരുമാനം അനുസരിച്ച് ലാൻഡ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തുകയും നിലവിൽ വാല്വേഷൻ നടപടി സ്വീകരിച്ചു വരികയുമാണ്. |
| (സി) | പൊതുമരാമത്ത് പാലങ്ങളുടെ മുകളിലൂടെ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അറിയിപ്പ് ലഭിച്ചത്; പ്രസ്തുത തടസ്സങ്ങൾക്ക് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത്; | (സി) | പൊതുമരാമത്ത് പാലങ്ങളുടെ മുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉള്ളതിനാൽ ഇത് സംബന്ധിച്ച യോഗങ്ങളിൽ പൊതുമരാമത്ത് വകുപ്പ് തടസ്സം അറിയിച്ചിട്ടുണ്ട്.<br>മണിമലയ്ക്കുള്ള കുടിവെള്ള വിതരണ ലൈൻ മണിമലയാറിനു കുറുകെ കെ.എസ്.റ്റി.പി പദ്ധതി പ്രകാരം പുതിയ പാലത്തിലൂടെ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നതാണ്. പുതിയ പാലത്തിന്റെ നിർമ്മാണം കെ.എസ്.റ്റി.പി ഒഴിവാക്കിയതിനാൽ കെ.എസ്.റ്റി.പി-യ്ക്ക് പഴയ പാലത്തിലൂടെ പൈപ്പ് ലൈൻ ഇടാൻ സാധ്യമല്ലെന്നും, കേരളാ ജല |

| | | | |
|---|---|---|---|
| | | | അതോറിറ്റി സ്വന്തം ഉത്തരവാദിത്വത്തിൽ അത് ചെയ്യണമെന്നും അറിയിച്ചിട്ടുണ്ട്. പാലത്തിന് മുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കാത്തതിനാൽ മണിമലയാറിനു കുറുകെ വെള്ളത്തിനടിയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. മണിമലയാറിൽ പാറയുടെ സാന്നിധ്യം കൂടുതൽ ഉള്ളതിനാൽ നീരൊഴുക്കു കുറയുന്ന സമയത്ത് മാത്രമേ വർക്ക് സാധ്യമാകൂ. ആയതിനാൽ അടുത്ത വേനൽ ആരംഭിക്കുന്നതിന് മുമ്പായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് തുടക്കത്തിൽ തന്നെ പൈപ്പ് ലൈൻ സ്ഥാപിച്ച് വേനൽക്കാലത്ത് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന നടപടികളുമായിട്ടാണ് മുന്നോട്ട് പോകുന്നത്. ഇത് വളരെ ബുദ്ധിമുട്ടുള്ളതും, സമയമെടുക്കുന്നതും ആയ ജോലിയായതിനാൽ, പ്രസ്തുത ബ്രിഡ്ജ് പുനസ്ഥാപിക്കാൻ പോകുന്ന സാഹചര്യത്തിൽ പാലത്തിന്റെ pier -ന് മുകളിൽ സ്റ്റീൽ ഫ്രെയിം ചെയ്ത് 200 മി.മീ. പൈപ്പ് കൊണ്ടുപോകാനുള്ള അനുമതി ലഭിച്ചാൽ വേഗത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം സാധ്യമാക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ കൊടുത്ത കണക്ഷനുകളിൽ അടിയന്തരമായി വെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ സ്ഥാപിക്കപ്പെട്ട കണക്ഷനുകളിലെ മണിമലയിലുള്ള 800 വീടുകളിൽ ശുദ്ധജലം എത്തിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നു വരുന്നു. ബാക്കിയുള്ളവ മണിമലയാറിന് കുറുകെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതോടുകൂടി ജല വിതരണം സാധ്യമാകുന്നതാണ്. നിലവിൽ കൊടുത്തിരിക്കുന്ന കണക്ഷനുകൾ ചാർജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന് പ്രതിബന്ധമായി നിൽക്കുന്ന പഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും, പിഡബ്ല്യുഡി പ്രവൃത്തികൾ മൂലം നഷ്ടപ്പെട്ട പൈപ്പ് ലൈനുകൾ പുന:സ്ഥാപിക്കുന്നതിനും, മണിമലയാറിന് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകളിൽ കൊടുത്തിരിക്കുന്ന ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>പള്ളിക്കത്തോട് – 5,6,7,8 വാർഡുകളിൽ 400 ഗാർഹിക ശുദ്ധജല കണക്ഷനുകൾ ചാർജ്ജ് ചെയ്ത് കുടിവെള്ളം നൽകി വരുന്നു. വാഴൂർ- പതിനൊന്നാം വാർഡിൽ 650- ൽ 100 ഗാർഹിക കണക്ഷനുകൾ ചാർജ് ചെയ്ത് ശുദ്ധജലം നൽകി വരുന്നു.<br>വെള്ളാവൂർ- 40 ഗാർഹിക ശുദ്ധജല കണക്ഷനുകൾ ചാർജ് ചെയ്ത് ശുദ്ധജലം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്ന കണക്ഷനുകൾ 2,3പാക്കേജുകൾ പൂർത്തിയാകുമ്പോൾ ശുദ്ധജലം നൽകാവുന്നതാണ്. ചിറക്കടവ്–200 ഗാർഹിക ശുദ്ധജല കണക്ഷനുകൾ ചാർജ് ചെയ്ത് ശുദ്ധജലം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ സ്ഥാപിച്ച കണക്ഷനുകളുടെ എണ്ണം (02.07 .2022 വരെ) |
|---|---|---|---|---|
| 1 | കാഞ്ഞിരപ്പള്ളി | 9288 | 7911 | 890 |
| 2 | മണിമല | 5550 | 3139 | 1157 |
| 3 | പള്ളിക്കത്തോട് | 5996 | 6225.40 | 309 |
| 4 | ചിറക്കടവ് | 8600 | 5688 | 785 |
| 5 | കങ്ങഴ | 6748 | 5500.02 | 346 |
| 6 | കറുകച്ചാൽ | 7421 | 4402 | 271 |
| 7 | നെടുംകുന്നം | 6724 | 5031.80 | 378 |
| 8 | വാഴൂർ | 7964 | 5539.92 | 652 |
| 9 | വെള്ളാവൂർ | 4117 | 5331.14 | 487 |
| **ആകെ** | | **62408** | **48768.28** | **5275** |

**അനുബന്ധം – 2**

**മണിമല പഞ്ചായത്ത്**

ഒന്നാം ഘട്ടത്തിൽ ആകെ 45 കിലോമീറ്ററിൽ 31 കിലോമീറ്റർ പൂർത്തിയായി. ബാക്കി പ്രവർത്തിക്ക് NH ന്റെയും DLP യിൽ ഉള്ള 3 PWD റോഡിലും അനുമതി ലഭിച്ചിട്ടില്ല. 3750 FHTC കളിൽ 1157 എണ്ണം നൽകിയിട്ടുണ്ട്. മുക്കട പ്രദേശത്തിനായുള്ള 1800 – FHTC കൾ ഉൾപ്പെടുന്ന മൂന്നാംഘട്ട പ്രവൃത്തിയ്ക്കായി സർവ്വേ നടപടികൾ പൂർത്തിയായി. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. റോഡു നിർമ്മാണത്തിൽ നാശനഷ്ടം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും മണിമല റിവർ ക്രോസിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചാൽ സ്ഥാപിച്ച കണക്ഷനുകൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള രണ്ട് പാലങ്ങൾക്കിടയിൽ റിവർബെഡിലൂടെ HDPE പൈപ്പ് ഉപയോഗിച്ച് ക്രോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വാഴൂർ പഞ്ചായത്ത്**

NH റോഡ് 14th – 19th മൈൽ അനുവാദം ലഭിച്ചിട്ടില്ല. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 3800 കണക്ഷനുകളിൽ 2 പാക്കേജുകളിലായി 3200 FHTC യുടെ പണി പുരോഗമിക്കുന്നു. ഇതിൽ 652 കണക്ഷൻ നൽകിയിട്ടുണ്ട്. 110 കിലോമീറ്ററിൽ 14 കിലോ മീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. ബാക്കിയുള്ള 600 FHTC-ക്കുവേണ്ടിയുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 3539 FHTC ഉൾപ്പെട്ട രണ്ടാം ഘട്ടത്തിന്റെ ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. 625 FHTC പ്രവൃത്തികൾ നടപ്പിലാക്കുന്നത് ജലനിധിയാണ്.

**വെള്ളാവൂർ പഞ്ചായത്ത്**

ഒന്നാം ഘട്ടത്തിൽ 3500 FHTC -കൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 4 പാക്കേജുകളിലായി പദ്ധതി നടപ്പിലാക്കുന്നു. പാക്കേജ് 1- ൽ 1500 -ൽ 487 FHTC നൽകിയെങ്കിലും ചാർജ്ജ് ചെയ്യാൻ സാധിച്ചിട്ടില്ല. 22.8 കിലോ മീറ്ററിൽ 19 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. 550 കണക്ഷനുകൾ ഉൾപ്പെടുന്ന പാക്കേജ് 4 -ൽ പ്രവൃത്തിദാന ഉത്തരവ് നൽകിയിട്ടുണ്ട്. 1450 കണക്ഷനുകൾ ഉൾപ്പെടുന്ന പാക്കേജ് 2,3 എന്നിവയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഇവ പൂർത്തിയായാൽ 3500 FHTC കമ്മീഷൻ ചെയ്യുവാൻ സാധിക്കും. ഇതിനു പുറമെ രണ്ടാം ഘട്ടത്തിൽ അനുമതി നല്കിയ 617 FHTC ഉൾപ്പെടുന്ന പ്രവൃത്തിയുടേയും ദർഘാസ് ക്ഷണിച്ചു. KRFB യുടെ പണി ആരംഭിക്കാനിരിക്കുന്ന കുളത്തൂർമൂഴി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിന്റെ റോഡ് സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പൈപ്പ് സ്ഥാപിക്കാനുള്ള സ്ഥലം സ്ഥിരീകരിക്കുവാൻ കഴിയുകയുള്ളൂ. ആയത് സ്ഥാപിച്ചാൽ മാത്രമേ 2, 3, 4 പാക്കേജുകൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

**ചിറക്കടവ് പഞ്ചായത്ത്**

ഒന്നാം ഘട്ടത്തിൽ 2600 കണക്ഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2 പാക്കേജുകളിലായി പ്രവൃത്തികൾ പുരോഗമിക്കുന്നു. 57.4 കിലോമീറ്ററിൽ 40 കിലോ മീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു.

പത്തൊൻപതാം മൈൽ മുതൽ ഇരുപതാം മൈൽ വരെ NH പെർമിഷൻ ലഭിച്ചിട്ടില്ല. ജെജെഎം രണ്ടാം ഘട്ടത്തിൽ 6000 കണക്ഷനുകൾ നല്കുന്ന പ്രവൃത്തികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ പൂർത്തിയാകുമ്പോൾ 100% FHTC യാഥാർത്ഥ്യമാക്കാം. കൊട്ടങ്ങൂർ -മണിമല റോഡിൽ റോഡ് പണി മൂലം നഷ്ടപ്പെട്ട സ്ഥലത്ത് 800 മീ. പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. അത് പൂർത്തിയാകുന്ന മുറക്കേ ചെറുവള്ളി ഭാഗത്തേക്കുള്ള ലൈനുകൾ ചാർജ് ചെയ്യാൻ സാധിക്കുകയുള്ളൂ. ടിപ്രവൃത്തികൾ നാലാം ഘട്ടത്തിലെ പ്രവൃത്തികളോടൊപ്പം ടെണ്ടർ ചെയ്തിട്ടുണ്ട്. PWD മെയിന്റനൻസ് പ്രവൃത്തികൾക്ക് 6 മാസം DLP ഏർപ്പെടുത്തി അനുമതി നിഷേധിക്കുന്നത് പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. റോഡ് കട്ടിംഗിനായി പൊതുമരാമത്ത് വകുപ്പ് ഒരു മാസം മാത്രമാണ് അനുമതി നൽകുന്നത്. ഇത് പലപ്പോഴും അപര്യാപ്തമായി കാണുന്നതിനാൽ വീണ്ടും അപേക്ഷ നൽകി അനുമതി വാങ്ങേണ്ടിവരുന്ന അവസ്ഥ നിലനിൽക്കുന്നു.

**<u>പള്ളിക്കത്തോട് പഞ്ചായത്ത്</u>**

ഒന്നാം ഘട്ടത്തിൽ അനുമതി ലഭിച്ച 2650 കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ 3 പാക്കേജുകളിലായി പുരോഗമിക്കുന്നു. 400 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 118 കിലോമീറ്ററിൽ 22 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു. നാലാം ഘട്ടത്തിൽ ഉൾപ്പെട്ട 3346 FHTC -കൾക്കു വേണ്ടിയുള്ള ടാങ്ക് ഡിസൈൻ ചെയ്ത് എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്.

**<u>കാഞ്ഞിരപ്പള്ളി പഞ്ചായത്ത്</u>**

ഒന്നാം ഘട്ടത്തിൽ 1000 കണക്ഷനുകൾക്ക് അനുമതി ലഭിച്ചതിൽ 928 കണക്ഷനുകൾ നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 8288 FHTC-യ്ക്ക് ദർഘാസ് ക്ഷണിച്ചു. കാഞ്ഞിരപ്പള്ളി - ഈരാറ്റുപേട്ട റോഡിൽ RICK-ന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത റോഡിൽ RICK റോഡു നിർമ്മാണ സമയത്ത് കേടുവരുത്തിയ പൈപ്പുകൾ പുനസ്ഥാപിച്ചിട്ടില്ല. ടി പ്രവൃത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

**<u>നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്ത്</u>**

നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകൾക്കായുള്ള സമഗ്രപദ്ധതിയ്ക്കായി ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി ആവശ്യത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. കങ്ങഴ പഞ്ചായത്തിൽ 77 കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചു ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.